**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 611** **02-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാസ്ഥാപനങ്ങൾക്കായി മാസ്റ്റർ പ്ലാൻ, പ്രോജക്റ്റ് മോണിറ്ററിംഗ് യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ പൊതുമേഖലാസ്ഥാപനങ്ങളെയും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി കേന്ദ്ര സർക്കാർ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ ഉള്ളടക്കം വിശദമാക്കുമോ; | (എ) | **സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി കേന്ദ്ര സർക്കാർ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.** |
| (ബി) | വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നാൽപത്തിയൊന്ന് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഷോർട്ട് ടേം, മിഡ് ടേം, ലോങ്ങ് ടേം എന്നീ മൂന്ന് തരത്തിൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ; | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും വൈവിധ്യവത്ക്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണത്തിനും കഴിയുന്ന തരത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി മാസ്റ്റർ പ്ലാൻ പദ്ധതികൾ സംസ്ഥാന സർക്കാർ നിർദ്ദേശ പ്രകാരം കമ്പനികൾ തയ്യാറാക്കിയിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്തും ഉത്പാദന വിപണന രംഗങ്ങളിലും ഉൾപ്പെടെ വ്യവസായ മേഖലയുമായി ബന്ധമുള്ള സമസ്ത രംഗങ്ങളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾകൊണ്ട് രൂപകൽപ്പന ചെയ്ത പദ്ധതികൾ എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കി വരുന്നു.<br><br>കമ്പനികൾ ആവിഷ്ക്കരിച്ചിരിക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുവാൻ നിലവിൽ 9467.1 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലായി ഹ്രസ്വകാലം, മദ്ധ്യകാലം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി 405 |

| | | | |
|---|---|---|---|
| | | | പദ്ധതികൾ അടുത്ത പത്തു വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നു. |
| (സി) | പദ്ധതികൾ നടപ്പാക്കുന്നതിലെ വേഗതയും കാര്യക്ഷമതയും വിലയിരുത്തുന്നതിന് പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകൾ രൂപം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സാങ്കേതിക സഹായം ഉറപ്പു വരുത്തുന്നതിനും വ്യവസായ മേഖലയിൽ വിവിധ രംഗങ്ങളിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) റിയാബിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ദ്ധരുടെ സേവനം വ്യവസായം, കയർ, കശുവണ്ടി വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ എക്സ്പെർട്സ് ആയി 11 വിദഗ്ദ്ധരുടെയും ഫിനാൻസ് എക്സ്പെർട്സ് ആയി രണ്ടു വിദഗ്ദ്ധരുടെയും സേവനം ആണ് ലഭ്യമാക്കിയിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതലയും നിർവഹിക്കുന്നതിനായി ഉയർന്ന തലത്തിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെ അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയും നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ